I ഇ.ബി. XIII-കേരള നിയമസഭ/XIV-1 7

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 24, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തരപ്രമേയം

### കോടതി നിരീക്ഷണം

മി. സ്പീക്കർ: അഡ്വക്കേറ്റ് ജനറൽ ഓഫീസ് അടച്ചുപൂട്ടുന്നതാണ് നല്ലതെന്ന് കേരള ഹൈക്കോടതി വിമർശിക്കുകയും എ.ജി-യെ മുഖ്യമന്ത്രി ന്യായീകരിക്കുകയും സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യത്തിന് വിരുദ്ധമായി എ.ജി-യുടെ ഓഫീസ് പ്രവർത്തിക്കുന്നതായി പറയപ്പെടുകയും ചെയ്തതിനെ തുടർന്ന് ഉളവായിട്ടുള്ള സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മാത്യു ടി. തോമസ്, എസ്. ശർമ്മ, വി. എസ്.

സുനിൽ കുമാർ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ. പി. ദണ്ഡപാണി സ്ഥാനമേറ്റെടുത്തശേഷം കേരള സർക്കാരിന്റെ എല്ലാ പ്രധാനപ്പെട്ട കേസ്സുകളിലും അദ്ദേഹംതന്നെ ഹാജരാകുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഈ നാലുവർഷവും അദ്ദേഹം കേരളത്തിന്റെ ഇന്ററസ്റ്റുകളെല്ലാം പ്രൊട്ടക്ട് ചെയ്യുകയാണ് ചെയ്തത്. അങ്ങനെയുള്ള അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്സിനെതിരെയുള്ള വിമർശനത്തോട് ഗവൺമെന്റിന് യോജിപ്പില്ല.

ശ്രീ. മാത്യു ടി. തോമസ്: പൊതുസമൂഹത്തിന് മുമ്പാകെ ഏറ്റവും അപഹാസ്യനായി നിൽക്കുന്ന ഒരു അഡ്വക്കേറ്റ് ജനറലിന്റെ വക്കാലത്തെടുത്ത പ്രതിഭാഗം വക്കീലിന്റെ റോളിലാണ് മുഖ്യമന്ത്രി ഇവിടെ സംസാരിച്ചത്. ഹൈക്കോടതി, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിനെതിരെ വിമർശനം നടത്തുകയും അഡ്വക്കേറ്റ് ജനറലും സർക്കാർ വക്കീലന്മാരും വ്യത്യസ്തമായ രീതിയിൽ പ്രതികരിക്കുകയും നിമിഷങ്ങൾക്കുള്ളിൽ മുഖ്യമന്ത്രി തിരുവനന്തപുരത്തുനിന്ന് അഡ്വക്കേറ്റ് ജനറലിനെ സാധൂകരിക്കുകയും ചെയ്യുന്ന അസാധാരണമായ സംഭവമാണ് ഇന്നലെ നടന്നത്. നീതിയേയും നിയമത്തേയും സംരക്ഷിക്കാൻ ബാധ്യതയുള്ള ഭരണഘടനാ സ്ഥാപനമായ അഡ്വക്കേറ്റ് ജനറൽ

ഓഫീസ്സിനെയും സർക്കാർ വക്കീലൻമാരെയും അടച്ച് ആക്ഷേപിക്കുന്ന തരത്തിൽ ഹൈക്കോടതിയുടെ വിമർശനമുണ്ടാകുന്നത് ആദ്യത്തെ സംഭവമാണ്. എ.ജി-യുടെ ഓഫീസ് കാര്യക്ഷമമല്ലാത്തതിനാൽ അടച്ചുപൂട്ടണമെന്നും കോടതിയിറക്കുന്ന ഉത്തരവുകൾ നടപ്പിലാക്കുന്നില്ലെന്നും ഭൂരിഭാഗം സർക്കാർ വക്കീലൻമാരും അബ്കാരികളുടെയും കച്ചവടക്കാരുടെയും നോമിനികളാണെന്നും കേരളത്തിലെ അഡ്വക്കേറ്റ് ജനറൽ ഓഫീസ് തമിഴ്നാട് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിനെ കണ്ടുപഠിക്കണമെന്നുമാണ് ഹൈക്കോടതി പറഞ്ഞിരിക്കുന്നത്. എ.ജി-യുടെ ഓഫീസ് കാര്യക്ഷമമല്ലെന്ന് നേരത്തെയും ആക്ഷേപമുണ്ടായിട്ടുണ്ട്. ഒരു പ്രതിബദ്ധതയുമില്ലാതെയാണ് അഡ്വക്കേറ്റ് ജനറൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സർക്കാരിനുവേണ്ടി ഹൈക്കോടതിയിൽ ഹാജരാകേണ്ട അഡ്വക്കേറ്റ് ജനറൽ എതിർകക്ഷികൾക്കുവേണ്ടി ഹാജരായതിലൂടെ ഭരണഘടനാ സ്ഥാപനത്തിന്റെ അന്തസ്സും മാന്യതയും വിശ്വാസ്യതയുമാണ് നഷ്ടപ്പെടുത്തിയിരിക്കുന്നത്. പൊതുതാൽപ്പര്യങ്ങൾക്ക് പകരം വാണിജ്യ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന ഓഫീസെന്ന നിലയിലേയ്ക്ക് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് അധപ്പതിച്ചുപോയിരിക്കുകയാണ്. അഡ്വക്കേറ്റ് ജനറലിന്റെ പ്രതിബദ്ധതയില്ലായ്മയും ആത്മാർത്ഥതയില്ലായ്മയുമാണ് കോടതി തുറന്നുകാട്ടിയത്. ഹൈക്കോടതി ജഡ്ജിയിൽ നിന്നും രൂക്ഷമായ വിമർശനമുണ്ടായതിനുശേഷവും തൽസ്ഥാനത്ത്

തുടരുമെന്ന് പറയുന്ന അഡ്വക്കേറ്റ് ജനറൽ ഈ സംസ്ഥാനത്തിന് ഭൂഷണമാണോയെന്ന കാര്യം സർക്കാർ പരിശോധിക്കണം. മുല്ലപ്പെരിയാർ കേസ് ഉൾപ്പെടെ നിരവധി കേസുകളിൽ സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിരുദ്ധമായി തോറ്റുകൊടുത്തുവെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. തെറ്റായ നിയമോപദേശം നൽകി അഡ്വക്കേറ്റ് ജനറൽ പ്രവർത്തിക്കുന്നുവെന്ന് വ്യാപകമായ ആക്ഷേപമുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ നിലപാടും സംസ്ഥാനത്തിന്റെ പൊതുതാല്പര്യവും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് ഹൈക്കോടതിയിൽ നിന്നുതന്നെ വിമർശനമുണ്ടായിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ അധാർമ്മിക നടപടികൾക്കെതിരെ ബാർ കൗൺസിൽ ഗവർണർക്കും സർക്കാരിനും പരാതി നൽകിയിട്ടുണ്ട്. ടി തസ്തികയിൽ തുടരാൻ ഇദ്ദേഹം യോഗ്യനല്ലെന്ന് ഭരണകക്ഷി എം.എൽ.എ. തന്നെ പരസ്യമായി പറഞ്ഞിട്ടും മുഖ്യമന്ത്രി നടപടിയൊന്നും സ്വീകരിക്കുന്നില്ല. അഡ്വക്കേറ്റ് ജനറലിൽ പരിപൂർണ്ണ വിശ്വാസമുണ്ടെന്നും കാര്യക്ഷമതയോടെയാണ് അദ്ദേഹം പ്രവർത്തിക്കുന്നതെന്നുമാണ് മുഖ്യമന്ത്രി പറയുന്നത്. ഇദ്ദേഹത്തെ ന്യായീകരിക്കാൻ തക്കവണ്ണം മുഖ്യമന്ത്രിയുമായി എന്ത് ബന്ധമാണുള്ളതെന്ന ആശങ്ക ശക്തിപ്പെടുകയാണ്. ഈ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സംസ്ഥാന ഗവൺമെന്റിന്റെ

മദ്യനയത്തിനെതിരെ കോടതിയിൽ ഹാജരായ അറ്റോർണി ജനറലിനെ വിമർശിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും മുഖ്യമന്ത്രിക്കുണ്ട്. മദ്യനയം സംബന്ധിച്ച കേസിന്റെ അവസാനഘട്ടത്തിലൊഴികെ മറ്റൊരു കേസിലും കേരളത്തിന് പുറത്തുനിന്നും അഭിഭാഷകരെ കൊണ്ടുവന്നിട്ടില്ല. ഇടതുപക്ഷ ഭരണകാലത്ത് കോടിക്കണക്കിന് രൂപയാണ് ഈ ഇനത്തിൽ ചെലവഴിച്ചത്. സാന്റിയാഗോ മാർട്ടിനെതിരായ ലോട്ടറി കേസ് അഡ്വക്കേറ്റ് ജനറൽ തന്നെയാണ് ഹൈക്കോടതിയിൽ വാദിച്ചത്. കഴിഞ്ഞ നാല് വർഷത്തിനിടയിൽ അഡ്വക്കേറ്റ് ജനറൽ നടത്തിയ എല്ലാ കേസുകളും വിജയിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ കാര്യക്ഷമതയിൽ അസ്വസ്ഥതയുള്ളവരാണ് വിമർശനങ്ങൾ ഉയർത്തുന്നത്. ബാർ കൗൺസിലിൽ നിന്നും അഡ്വക്കേറ്റ് ജനറലിനെതിരെ പരാതിയൊന്നും ലഭിച്ചിട്ടില്ല. പ്രതിപക്ഷ നേതാവുമായി ബന്ധപ്പെട്ട ഒരു കേസിൽ ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവിനെതിരെ അന്നേ ദിവസം തന്നെ സ്റ്റേ ഉത്തരവ് നേടിയെടുക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് സാധിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ നിലപാടും ഗവൺമെന്റിന്റെ നിലപാടും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന രീതിയിലുള്ള വിമർശനം ഹൈക്കോടതിയിൽ നിന്നുമുണ്ടായതായി അറിവില്ല. അഡ്വക്കേറ്റ് ജനറൽ ഓഫീസ് കാര്യക്ഷമതയോടെയാണ് പ്രവർത്തിക്കുന്നത്. ഈ സർക്കാർ വളരെ ചുരുക്കം സന്ദർഭങ്ങളിൽ മാത്രമാണ് പുറത്തുനിന്നും അഡ്വക്കേറ്റുമാരെ

കേസ്സുകൾ വാദിക്കാനായി നിയോഗിച്ചിട്ടുള്ളത്. കൊള്ളപ്പലിശക്കാരുടെ പിടിയിൽ നിന്നും സാധാരണക്കാരെ മോചിപ്പിക്കുന്നതിനുവേണ്ടി ആഭ്യന്തര വകുപ്പ് ആരംഭിച്ച ഓപ്പറേഷൻ കുബേരയെ വിമർശിച്ച ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിയുടെ നിലപാട് നിർഭാഗ്യകരമാണ്. ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർ തങ്ങളുടെ സ്ഥാനത്തിന്റെ മഹത്വവും ഉത്തരവാദിത്വവും വിസ്മരിക്കുന്നത് ശരിയല്ല. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

## ശ്രദ്ധക്ഷണിക്കൽ

### (1) ജൈവകൃഷി പ്രോത്സാഹനം

ശ്രീ. പാലോട് രവി: ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള നിരവധി നടപടികൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 'റൈറ്റ് ടു ഫുഡ് ' എന്ന ആശയം ലോക വ്യാപകമായി വളർന്നുവന്നിട്ടുള്ളതാണ്. വരും

തലമുറയുടെ ആരോഗ്യം സംരക്ഷിക്കാൻ കഴിയുന്ന നിരവധി പ്രവർത്തനങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തുമായി നടക്കുകയാണ്. നിരോധിക്കപ്പെട്ട പെസ്റ്റിസൈഡുകൾ കാർഷിക മേഖലയിലേക്ക് കടന്നുവരുന്നത് തടയുന്നതിനും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾക്ക് പ്രയോറിട്ടി നൽകുന്നതിനും ഇതിനാവശ്യമായ ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): 2012-ലെ സർക്കാർ ഉത്തരവു പ്രകാരം സംസ്ഥാനത്ത് ആരംഭിച്ച ജൈവകൃഷിനയം ഘട്ടംഘട്ടമായി വ്യാപിപ്പിച്ച് കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റാൻ ലക്ഷ്യമിട്ടിരുന്നതിന്റെ ഭാഗമായി ചുവപ്പ്, മഞ്ഞ നിറങ്ങളിൽ ലേബൽ ചെയ്ത മാരകമായ കീടനാശിനികൾ കാസർകോട് ജില്ലയിൽ നിരോധിക്കുകയും സമ്പൂർണ്ണ ജൈവ കാർഷിക ജില്ലയായി കാസർഗോഡിനെ പ്രഖ്യാപിക്കുകയുമുണ്ടായി. ജൈവകൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കാൻ ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനത്തിനുള്ള പ്രായോഗിക വശങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുമുണ്ടായി. ഈ മേഖലയിലെ കർമ്മ പദ്ധതികൾ ചർച്ച ചെയ്യുന്നതിന് സാമാജികരെ ഉൾപ്പെടുത്തി

മേഖലാ യോഗങ്ങൾ ചേരുകയും ജൈവകൃഷി വ്യാപനത്തിന്റെ യുവ അംബാസിഡറായി പ്ലസ് ടു വിദ്യാർത്ഥിയായ മാസ്റ്റർ സൂരജിനെ പ്രഖ്യാപിക്കുകയും ചെയ്തു. 2016-ഓടുകൂടി സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി കേരളത്തെ മാറ്റണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എം.എൽ.എ. മാരുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി എല്ലാ നിയോജകമണ്ഡലങ്ങളിലും ബോധവൽക്കരണ പരിപാടികൾ നടന്നുവരുന്നു. ഏറ്റവും മികച്ച ജൈവ കാർഷിക മണ്ഡലത്തിനും പഞ്ചായത്തുകൾക്കും അവാർഡുകൾ നൽകാൻ തീരുമാനിച്ചു. കേരളത്തിലെ 3825 വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് കൃഷിവകുപ്പ് സൗജന്യമായി നൽകിയിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ജൈവ കാർഷിക ഗ്രാമസഭകൾ എന്ന കൂട്ടായ്മ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ വീടും ജൈവപച്ചക്കറി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കണമെന്നതാണ് ലക്ഷ്യമിടുന്നത്. ജൈവ വളങ്ങൾ ജൈവ കീടനാശിനികൾ തുടങ്ങിയവയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ചുമതല കൃഷിവകുപ്പിന്റെ വിവിധ പരിശോധനാ ലാബുകളെ ഏൽപ്പിക്കുന്നതാണ്. ബഡ്ജറ്ററി പ്രൊവിഷൻ നൽകുന്നതിന് ധനകാര്യ വകുപ്പുമന്ത്രി വേണ്ട നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## (2). ശുചീകരണ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം

ശ്രീ. ജെയിംസ് മാത്യു: സംസ്ഥാനത്ത് 5 കോർപ്പറേഷനുകളിലും 60 മുനിസിപ്പാലിറ്റികളിലുമായി പണിയെടുക്കുന്ന 4850 സ്ഥിരം ശുചീകരണ തൊഴിലാളികളെയും 1860 താൽക്കാലിക തൊഴിലാളികളെയും പാർട്ട് ടൈം ജീവനക്കാരാണെന്ന് തെറ്റിദ്ധരിച്ചുകൊണ്ട് അവരുടെ ശമ്പളത്തിൽ വലിയ കുറവാണ് വരുത്തിയിരിക്കുന്നത്. 1998 മുതൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ പാർട്ട് ടൈം എന്നൊരു തസ്തികയില്ല. ഓരോ തവണയും ശമ്പളപരിഷ്കരണം നടപ്പാക്കുമ്പോൾ ഈ വിഭാഗക്കാരെ ഒഴിവാക്കിക്കൊണ്ട് പിന്നീട് ഒരു കമ്മിറ്റി രൂപീകരിച്ച് പരിഗണിക്കുകയാണ് ചെയ്തുവരുന്നത്. അർഹതപ്പെട്ട ശമ്പളം ലഭിക്കാത്തതിനാൽ ഇവരെയും ശമ്പളപരിഷ്കരണ കമ്മീഷന് നൽകുന്ന ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ശുചീകരണത്തൊഴിലാളികൾക്ക് ആരോഗ്യകരമായ തൊഴിൽ സാഹചര്യം ഉറപ്പുവരുത്തുന്നതിനും പെൻഷൻ, ശമ്പളം തുടങ്ങി മറ്റെല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും സർക്കാർ തയ്യാറാകണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സംസ്ഥാനത്ത് 60 മുനിസിപ്പാലിറ്റികളിലും 5 മുനിസിപ്പൽ കോർപ്പറേഷനുകളിലുമായി കണ്ടിജന്റ് വിഭാഗത്തിൽ ആകെ 5111 തസ്തികകളാണ്

നിലവിലുള്ളത്. ഇവർ ശുചീകരണരംഗത്തെ വിവിധ പ്രവർത്തനങ്ങളാണ് നിർവ്വഹിക്കുന്നത്. സ്കിൽഡ് വർക്കേഴ്സ്, സാനിറ്റേഷൻ വർക്കേഴ്സ് എന്നിങ്ങനെ രണ്ട് കാറ്റഗറികളിലായിട്ടാണ് ഇവരെ തരംതിരിച്ചിട്ടുള്ളത്. സർവ്വീസ് പൂർത്തിയാകുന്ന മുറയ്ക്ക് സമയബന്ധിത ഗ്രേഡുകൾക്കനുസൃതമായ ഉയർന്ന ശമ്പളവും മറ്റ് സർക്കാർ ജീവനക്കാർക്കനുവദിക്കുന്നതിന് തുല്യമായ ക്ഷാമബത്തയ്ക്ക് പുറമെ മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ട്. കണ്ടിജന്റ് ജീവനക്കാർക്ക് പ്രതിമാസം 75 രൂപ സ്പെഷ്യൽ അലവൻസിനും 100 രൂപ റിസ്ക് അലവൻസിനും പുറമെ ചൂല് അലവൻസ്, യൂണിഫോം അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഇവർക്ക് ഫോട്ടോ പതിച്ച ഹെൽത്ത് കാർഡ് നൽകുന്നതിനും മൂന്ന് മാസത്തിലൊരിക്കൽ മെഡിക്കൽ ചെക്കപ്പിനുള്ള സൗകര്യം ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ നഗരസഭകൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തിന്റെ ഭാഗമായി ഇവരുടെ ശമ്പളപരിഷ്ക്കരണ നടപടികളുമായി ബന്ധപ്പെട്ട് സംഘടനകളുടെ ഒരു യോഗം വിളിച്ചുചേർക്കുകയും തദ്ദേശഭരണ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) അപകടമരണങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): വിനോദസഞ്ചാര കേന്ദ്രമായ കോവളം കടപ്പുറത്ത് മരണമടഞ്ഞവരുടെ മൃതദേഹങ്ങൾ കണ്ടെത്തി ബന്ധുകൾക്ക് വിട്ടുനൽകുന്നതിനും മെച്ചപ്പെട്ട ശമ്പളവും പ്രവർത്തനസൗകര്യങ്ങളും ഒരുക്കിക്കൊണ്ട് മുഴുവൻ സമയ ലൈഫ് ഗാർഡുമാരെ നിയമിക്കുന്നതിനും മരണപ്പെട്ട കുട്ടികളുടെ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കോവളം ബീച്ചുൾപ്പെടെ കേരളത്തിലെ സമുദ്രതീരങ്ങളിൽ 139 ലൈഫുഗാർഡുകളെ നിയമിച്ചിട്ടുണ്ട്. കോവളത്ത് മുപ്പത് ലൈഫ് ഗാർഡും രണ്ട് സൂപ്പർവൈസർമാരും ഒരു ചീഫ് കോ-ഓർഡിനേറ്ററും ഉൾപ്പെടെ 33 പേരെ നിയമിച്ചിട്ടുണ്ട്. ലൈഫ് ഗാർഡുമാരുടെ സേവനത്തിനുപുറമെ ടൂറിസം പോലീസിന്റെ സേവനവും ലഭ്യമാണ്. ബീച്ചുകളിൽ സുരക്ഷാബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ലൈഫ് ഗാർഡുമാരുടെ വേതനം നാനൂറ് രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിന് നേവി, കോസ്റ്റ്ഗാർഡുകൾ എന്നിവരുടെ സേവനം ലഭ്യമാക്കാറുണ്ട്. കോവളത്ത് മരണപ്പെട്ടതിൽ രണ്ടു പേരുടെ മൃതദേഹം കണ്ടെത്തുകയും ബാക്കിയുള്ളവ

കണ്ടെത്തുന്നതിനുള്ള ശ്രമം നടക്കുകയുമാണ്. തീരപ്രദേശങ്ങളിൽ അടുത്ത കാലങ്ങളിലുണ്ടായ അപകടങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള സുരക്ഷാനടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്. രാത്രികാലങ്ങളിലും ലൈഫ് ഗാർഡുമാരുടെ സേവനം ഉറപ്പുവരുത്തുന്ന കാര്യവും വേതനം വർദ്ധിപ്പിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

## (2) ധീരതയ്ക്കുള്ള അവാർഡ്

ശ്രീ. സി. കെ. നാണു: വടകര നിയോജകമണ്ഡലത്തിൽ ചോറോട് പഞ്ചായത്തിലുണ്ടായ കടൽക്ഷോഭത്തിൽ അപകടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിച്ച ഹാരിസിന് ധീരതയ്ക്കുള്ള അവാർഡ് നൽകാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കടൽക്ഷോഭത്തിൽ അപകടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിച്ച ഹാരിസിന് അംഗീകാരം നൽകണമെന്ന ആവശ്യത്തിന്മേൽ കോഴിക്കോട് ജില്ലാ കളക്ടറിൽനിന്നും അടിയന്തര റിപ്പോർട്ട് ലഭിച്ചശേഷം നടപടി സ്വീകരിക്കുന്നതാണ്.

## (3) സ്പീക്കർക്കും മുഖ്യമന്ത്രിക്കും പഞ്ചായത്തും സാമൂഹ്യനീതി വകുപ്പുമന്ത്രിക്കും നേരെയുണ്ടായ പ്രതിഷേധം

ശ്രീ. ബെന്നി ബെഹനാൻ: കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ

പഞ്ചായത്തിൽ പൂങ്കോട് രാജീവ്ഗാന്ധി നാഷണൽ സ്വിമ്മിംഗ് പൂൾ ഉദ്ഘാടനത്തിനെത്തിയ മുഖ്യമന്ത്രി, നിയമസഭാ സ്പീക്കർ, പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി എന്നിവർക്കുനേരെ അക്രമം നടത്തിയവർക്കെതിരെയും സുരക്ഷാവീഴ്ചയ്ക്ക് ഉത്തരവാദികളായവർക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പൂങ്കോട് രാജീവ്ഗാന്ധി നാഷണൽ സ്വിമ്മിംഗ് പൂളിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതിനായി 23.07.2015-ന് വൈകുന്നേരം 6.30-ഓടുകൂടി മുഖ്യമന്ത്രി, നിയമസഭാ സ്പീക്കർ, പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി എന്നിവർ തുറന്ന ജീപ്പിൽ പോകവെ സി.പി.ഐ.(എം.) പള്ളിച്ചൽ ലോക്കൽ കമ്മിറ്റി സെക്രട്ടറിയുടെ നേതൃത്വത്തിൽ വെടിവെച്ചാൻകോവിൽ ജംഗ്ഷന് സമീപംനിന്ന പ്രവർത്തകർ മുദ്രാവാക്യവും അസഭ്യവും വിളിച്ചുകൊണ്ട് കരിങ്കൊടികളും മറ്റും ജീപ്പിനുനേരെ എറിയുകയും ജീപ്പ് തടയാൻ ശ്രമിക്കുകയും ചെയ്തു. സ്ഥലത്ത് ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ 150-ൽപ്പരം പോലീസ് സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിരുന്നു. ജീപ്പിലുണ്ടായിരുന്ന സെക്യൂരിറ്റി ഉദ്യോഗസ്ഥർ മുഖ്യമന്ത്രിക്കുചുറ്റും സുരക്ഷാവലയം തീർക്കുകയുണ്ടായി. ഈ സംഭവത്തിൽ 50-ൽപ്പരം സി.പി.ഐ.(എം.)

പ്രവർത്തകരെ പ്രതികളാക്കി നരുവാമൂട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ഒരു പ്രതിയെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റുപ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി നടന്നുവരികയാണ്. ഈ സംഭവത്തിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. സുരക്ഷാവീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് അന്വേഷിക്കുന്നതിനു വേണ്ടി സുരക്ഷാ വിഭാഗം ഐ.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u> : ഇന്നലെ നടന്ന അക്രമ സംഭവം വളരെ മോശമായിപ്പോയി.

## (4) <u>ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കൽ</u>

<u>ഡോ. ടി. എം. തോമസ് ഐസക്</u>: കയർ വ്യവസായത്തെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിന് വിലനിർണ്ണയ കമ്മിറ്റി ചേർന്ന് ഓരോ പ്രദേശത്തും എത്ര രൂപയ്ക്കാണ് തൊണ്ട് സംഭരിക്കേണ്ടതെന്ന് തീർപ്പ് കൽപ്പിക്കാനും തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ട പ്രോജക്ട് സെൽ പ്രവർത്തനക്ഷമമാക്കാനും കയർ സംഘങ്ങളെ ജപ്തി നടപടിയിൽനിന്ന് ഒഴിവാക്കാനും ബന്ധപ്പെട്ട പ്രദേശങ്ങളിൽ തൊണ്ട്തല്ല് മെഷീനുകൾ നൽകുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): കയർ മേഖലയിലെ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ

അടിസ്ഥാനത്തിൽ കയർ സംഭരിച്ച സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള മുഴുവൻ തുകയും നിർദ്ദിഷ്ട തീയതിക്കുള്ളിൽ നൽകുകയും സ്റ്റോക്കുള്ള കയർ സംഭരിക്കുകയും വിലനിർണ്ണയ കമ്മിറ്റി യോഗം കൂടി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കടാശ്വാസ പദ്ധതിയിൻകീഴിൽ ആറ് മാസത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയുണ്ടായി. കാര്യക്ഷമമായി പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കയർസംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയും പെൻഷൻ പദ്ധതിയും നടപ്പിലാക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് സംഭരിച്ച് വിതരണം ചെയ്യാൻ താല്പര്യമുള്ള ഏജൻസികളുടെ പേര്, കയർ പ്രോജക്ട് സെൽ ഓഫീസുകളിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് നടപടി സ്വീകരിക്കാൻ എല്ലാ പ്രോജക്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന തലത്തിലുള്ള പ്രോജക്ട് സെല്ലിന്റെ രൂപീകരണം ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്. കയർ ബോർഡ് വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്ന വേളയിൽ എടുത്ത വായ്പകളുമായി ബന്ധപ്പെട്ടാണ് സംഘങ്ങൾക്ക് ജപ്തി നടപടികൾ നേരിടേണ്ടി വന്നിട്ടുള്ളത്. കയർ സംഘങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് ആലപ്പുഴയിൽ നിലവാരമുള്ള ഡി.എഫ്. മെഷീൻ നൽകുന്നുണ്ട്. കയർ മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാക്കിയെടുക്കാനും

ചകിരി നാരിന്റെ ദൗർലഭ്യം കുറയ്ക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (5) കാർഷിക മേഖല ശക്തിപ്പെടുത്തൽ

ശ്രീ. പി. സി. ജോർജ്: വിലത്തകർച്ചമൂലം ബുദ്ധിമുട്ടുന്ന കാർഷിക മേഖലയെ രക്ഷിക്കുവാൻ ശക്തമായ നയം രൂപീകരിക്കാനും മുഴുവൻ കാർഷിക വിളകൾക്കും വില സ്ഥിരത ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കേരളത്തിലെ കാർഷികോല്പന്നങ്ങളിൽ പ്രധാനമായും വിലയിടിവ് നേരിടുന്ന റബർ ഉല്പാദന മേഖലയ്ക്കായി മുന്നൂറ് കോടി രൂപ ഉപധനാഭ്യർത്ഥനവഴി മാറ്റിവയ്ക്കുകയും എല്ലാ വർഷവും നാളികേര കർഷകർക്ക് സഹായം നൽകാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന കാർഷിക വികസന നയത്തിൽ കർഷകർക്ക് വരുമാനം ഉറപ്പുവരുത്തുന്നതിനായി ഇൻകം ഗ്യാരന്റി ആക്റ്റ് നടപ്പിലാക്കാനും പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷയും സഹായ പദ്ധതികളും ഏർപ്പെടുത്താനും വില സ്ഥിരതാ ഫണ്ട് രൂപീകരിക്കാനും ശിപാർശ ചെയ്തിട്ടുണ്ട്. കർഷകരെ രക്ഷിക്കുന്നതിനായി സമഗ്ര പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (6) ഗതാഗത തടസ്സം

ശ്രീ. പി. ബി. അബ്ദുൾ റസാക്: മഞ്ചേശ്വരം ചെക്ക് പോസ്റ്റിലെ ഗുരുതരമായ ഗതാഗത തടസ്സം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാനും എക്സൈസ് ചെക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കാനും നടപടിയുണ്ടാകണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഗതാഗത തടസ്സം പരിഹരിക്കുന്നതിന് എക്സൈസ് ചെക്ക് പോസ്റ്റ് നൂറ് മീറ്റർ വടക്കോട്ടുമാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവെങ്കിലും സാങ്കേതിക തടസ്സങ്ങൾമൂലം സാധ്യമായില്ല. ഗതാഗതക്കുരുക്ക് നിയന്ത്രിക്കാൻ ആരംഭിച്ച പോലീസ് എയ്ഡ് പോസ്റ്റിന്റെ സേവനം ഇരുപത്തിനാല് മണിക്കൂറും ലഭ്യമാകാത്തതും പോലീസ് എയ്ഡ് പോസ്റ്റിനു സമീപമുള്ള റോഡിന്റെ വീതി കുറവും ഗതാഗതക്കുരുക്കിന് കാരണമാകുന്നുണ്ട്. സംയോജിത ചെക്ക് പോസ്റ്റിനായി സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ ഹൈവേയോട് ചേർന്ന ഭാഗം ചരക്കുവാഹനങ്ങളുടെ പാർക്കിംഗ് ഏരിയയായി ഉപയോഗിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. സംയോജിത ചെക്ക് പോസ്റ്റ് നിർമ്മാണത്തിനുവേണ്ടി അംഗീകൃത ഏജൻസി മുഖാന്തിരം പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് ചെക്ക് പോസ്റ്റിലെ ഗതാഗതക്കുരുക്ക് ശാശ്വതമായി

പരിഹരിക്കുന്നതാണ്.

## (7) ഭൂമി കൈമാറ്റം പുന:പരിശോധിക്കൽ

ശ്രീ. ബാബു എം. പാലിശ്ശേരി: കാർഷിക സർവ്വകലാശാലയുടെ മാടക്കത്തറ പഞ്ചായത്തിലെ വെള്ളാനിക്കര കാമ്പസിൽപ്പെട്ട വിദ്യാഭ്യാസ ഗവേഷണ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന 50 ഏക്കർ കൃഷിഭൂമി പവർഗ്രിഡ് കോർപ്പറേഷന് വിട്ടുകൊടുക്കാനുള്ള തീരുമാനം പുന:പരിശോധിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ കൂടുതൽ വൈദ്യുതി ലഭിക്കുന്നതിനായി പവർഗ്രിഡ് കോർപ്പറേഷന് ഭൂമി കൈമാറണമെന്ന ആവശ്യം മുന്നോട്ടുവച്ചതിന്റെ അടിസ്ഥാനത്തിൽ കൈമാറുന്ന ഭൂമിക്ക് പകരമായി സർക്കാർ ഉടമസ്ഥതയിൽ റബ്ബർ കൃഷിക്കായി കേരള സർവ്വകലാശാലയ്ക്ക് പാട്ടത്തിന് നൽകിയിരുന്ന 125 ഏക്കറിൽ നിന്ന് ഭൂമി നൽകണമെന്ന കാർഷിക സർവ്വകലാശാലയുടെ ആവശ്യം പ്രായോഗികമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ഇ.ബി.ക്കും പവർ ഗ്രിഡ് കോർപ്പറേഷനും ഇതിനാവശ്യമായ സ്ഥലമില്ലാത്തതിനാലാണ് സർവ്വകലാശാലയുടെ കൈവശമുള്ള ഭൂമി ഇക്കാര്യത്തിനായി ഉപയോഗിക്കാൻ സർക്കാർ നിർബന്ധിതമായത്.

## (8) പട്ടയവിതരണം

ഡോ. എൻ. ജയരാജ്: മണിമല ഗ്രാമപഞ്ചായത്തിലെ പട്ടയം ലഭിക്കാത്ത എണ്ണൂറോളം കുടുംബങ്ങൾക്ക് അടിയന്തരമായി പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ഉൾപ്പെടുന്ന ആലപ്ര പ്രദേശം 04-01-2011-ൽ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്. റീ-സർവ്വേ റിക്കാർഡ് പ്രകാരം വനം പുറമ്പോക്ക് എന്ന് വില്ലേജ് രേഖകളിൽ ചേർത്തിരിക്കുന്ന മേൽപ്പടി സ്ഥലത്ത് റബ്ബർ, തെങ്ങ്, കവുങ്ങ് തുടങ്ങിയവ കൃഷി ചെയ്തു വനഭൂമിയായി ജണ്ട കെട്ടി വേർതിരിച്ചിട്ടുണ്ട്. വനേതര ആവശ്യങ്ങൾക്കായി വനഭൂമി ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി അപ്പൻഡിക്സ് ഫോറം എ-യും മേൽപ്പടി വനഭൂമി ഉൾപ്പെട്ട സ്കെച്ചും കോട്ടയം ഡി.എഫ്.ഒ.യ്ക്കും ഡെപ്യൂട്ടി ഡയറക്ടർക്കും ജില്ലാകളക്ടർ മുഖാന്തിരം അയച്ചുകൊടുത്തിട്ടുണ്ട്. പതിവ് നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി സ്ഥലം വീണ്ടും സർവ്വേ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പാക്കാൻ വേണ്ട അടിയന്തര നടപടികൾ വനം വകുപ്പ്

മുഖാന്തിരം സ്വീകരിക്കുവാൻ 25-02-2014-ൽ ഉത്തരവായിട്ടുണ്ട്. അർഹരായ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## (9) ഭൂമി ക്രയവിക്രയം

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: കൊടുവള്ളി നിയോജകമണ്ഡലത്തിലെ കെടവൂർ വില്ലേജിലെ സർവ്വേ നമ്പർ 21/ബി-യിൽപ്പെട്ട കർഷകർക്ക് ഭൂമി ക്രയവിക്രയം ചെയ്യുന്നതിന് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കെടവൂർ വില്ലേജിലെ റീസർവ്വെ 21/ ബി-യിൽപ്പെട്ട 90.62 ഏക്കർ ഭൂമി വൈത്തിരി താലൂക്ക് ലാന്റ് ബോർഡിന്റെ ഉത്തരവുപ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കാൻ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ടി ഭൂമി ഏത് ഭാഗത്താണെന്ന് രേഖപ്പെടുത്തിയ സ്കെച്ച് താലൂക്ക് ഓഫീസിൽ ലഭ്യമല്ലാത്തതിനാലും ഭൂമിയുടെ കൈമാറ്റത്തിന് സാധ്യത ഉണ്ടാകുമെന്ന് സംശയിക്കുന്നതിനാലും മുൻകരുതൽ എന്ന നിലയിൽ ഭൂമി കൈമാറ്റം നിർത്തിവച്ചിരിക്കുകയാണ്. അപാകതകൾ എന്താണെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## (10) പാതിരാമണൽ ടൂറിസ്റ്റ് കേന്ദ്രം

ശ്രീ. പി. തിലോത്തമൻ: പാതിരാമണൽ ദ്വീപ് അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): പാതിരാമണൽ ഇക്കോ ടൂറിസം പദ്ധതി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനമെടുത്ത് 5.5 കോടി രൂപ അനുവദിച്ച് കിറ്റ്കോയെ പ്രോജക്ട് ഏൽപ്പിച്ചുവെങ്കിലും കോടതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെയും പാരിസ്ഥിതിക പ്രശ്നങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാനായില്ല. പദ്ധതിയിൽ മാറ്റം വരുത്തി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (11) പാലം നിർമ്മാണം

ശ്രീമതി ഗീതാ ഗോപി: നാട്ടിക-കയ്പമംഗലം നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അഴിമാവ് കടവ് പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കനോലി കനാലിന് കുറുകെയുള്ള അഴിമാവ് കടവ് പാലത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്തശേഷം പുതുക്കിയ ഭരണാനുമതി നൽകി പണി ഉടൻ ആരംഭിക്കുന്നതാണ്.

## (12) സ്ഥലം ഏറ്റെടുക്കൽ

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി നിയോജകമണ്ഡത്തിലെ ഉള്ളൂർകടവ് പാലം നിർമ്മാണത്തിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തി പണി

പൂർത്തീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ഉള്ളൂർകടവ് പാലത്തിന്റെ നിർമ്മാണത്തിനായി 2009-ൽ 8.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും ഭൂമി ലഭ്യമാകാതിരുന്നതിനാൽ പണി ആരംഭിക്കാൻ കഴിഞ്ഞില്ല. ഇതിനായി ചേങ്ങോട്ടുകാവ് വില്ലേജിലെ 27.2 ആർ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ച് 218 ലക്ഷം രൂപ അനുവദിക്കുന്നതിന് ഉത്തരവായെങ്കിലും ലെറ്റർ ഓഫ് ക്രെഡിറ്റിനായി ധനകാര്യ വകുപ്പിനെ സമീപിച്ചപ്പോൾ സ്ഥലം ഏറ്റെടുക്കൽ വിജ്ഞാപനം ഡിനോവയായ സാഹചര്യത്തിൽ ഫണ്ട് അനുവദിച്ചില്ല. നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിനും പുതുക്കിയ ഭരണാനുമതി നൽകി പാലം നിർമ്മാണം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (13) സബ് ചാനലുകളിലെ തടസ്സം നീക്കൽ

ശ്രീ. എ. റ്റി. ജോർജ്: നെയ്യാർ ജലസംഭരണിയിൽ നിന്നുള്ള സബ് ചാനലുകളിലെ തടസ്സങ്ങൾ നീക്കി കൃഷിക്കും കുടിവെള്ളത്തിനും ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കനാലിന്റെ പല ഭാഗങ്ങളിലും മണ്ണും കാടും നിറഞ്ഞുനിൽക്കുന്നതിനാലും മാലിന്യം

നിക്ഷേപിക്കുന്നതിനാലും പഞ്ചായത്ത്, പി.ഡബ്ല്യൂ.ഡി., കോർപ്പറേഷൻ വക ഓടകൾ കനാലിലേയ്ക്ക് വന്നുചേരുന്നതിനാലും വെള്ളമെത്തിക്കുന്നതിന് തടസ്സമുണ്ടാകുന്നുണ്ട്. കൊല്ലങ്കോട് ബ്രാഞ്ച് കനാലിന്റെ രണ്ടാം കിലോമീറ്ററും ഇടതുകര മെയിൻ കനാലിന്റെ പതിനഞ്ചാം കിലോമീറ്ററിന് സമീപവും കനത്ത മഴയിൽ മണ്ണിടിഞ്ഞുവീണ് ജലവിതരണം തടസ്സപ്പെട്ടതിനാൽ മണ്ണ് നീക്കം ചെയ്ത് ജലവിതരണം സുഗമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## (14) ഭരണാനുമതി

പ്രൊഫ. സി. രവീന്ദ്രനാഥ്: കാനത്തോട്, നെല്ലായിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജുകൾക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കാനത്തോട് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി 4.3 കോടി രൂപയുടെ ഭരണാനുമതി നൽകി ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബി. ഡിസൈൻ അനുസരിച്ച് പുതിയ പ്രൊപ്പോസൽ 13.08.2012-ൽ സർക്കാരിന് ലഭിക്കുകയുണ്ടായി. എന്നാൽ ഭരണാനുമതിയുടെ കാലാവധി തീർന്നതിനാൽ അനുമതി നൽകിയില്ല. പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭിച്ചതിനുശേഷം പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. നെല്ലായിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിനുവേണ്ടി

വിശദമായ പര്യവേഷണവും രൂപകൽപ്പനയും പൂർത്തിയാക്കി നിലവിലുള്ള ഡി.എസ്.ആർ. പ്രകാരം 15 കോടി രൂപയുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

## (15) ഐ.വി.എഫ്. ക്ലിനിക്

ശ്രീ. വി. ശിവൻകുട്ടി: തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിലെ ഐ.വി.എഫ്. ക്ലിനിക്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): 2010-ലാണ് തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ റീപ്രൊഡക്ടീവ് ടെക്നോളജി യൂണിറ്റ് സ്ഥാപിതമായത്. ഐ.വി.എഫ്. ചികിത്സയിലൂടെ ഇതുവരെ 18 കുട്ടികൾ ടി ആശുപത്രിയിൽ ജനിച്ചിട്ടുണ്ട്. ഐ.വി.എഫ്. യൂണിറ്റ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത യൂണിറ്റിനെ റീപ്രൊഡക്ടീവ് മെഡിസിൻ ഡിപ്പാർട്ട്മെന്റായി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ യൂണിറ്റിനാവശ്യമായ പരിചയ സമ്പന്നരായ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുള്ള സാഹചര്യത്തിൽ ഇതിന്റെ പ്രവർത്തനത്തിന് യാതൊരുവിധ തടസ്സവും ഉണ്ടാകുന്നതല്ല.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## (2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

## മായംചേർക്കൽ തടയുന്നതിന് നടപടി

(2014 ജൂൺ 20-ാം തീയതി ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ അവതരിപ്പിച്ച പ്രമേയം)

(തുടർ ചർച്ച)

ശ്രീമതി ഇ. എസ്. ബിജിമോൾ: ഭക്ഷ്യോല്പന്നങ്ങളിലെ അമിത രാസവള-കീടനാശിനി പ്രയോഗമാണ് കാൻസർ ഉൾപ്പെടെയുള്ള പല മാരകരോഗങ്ങളും പടർന്നുപിടിക്കുന്നതിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത്. പ്രസ്തുത വിപത്തിൽ നിന്നും മോചനം നേടണമെങ്കിൽ കൃഷിരീതികളിൽ മാറ്റം വരുത്തുകയും അന്താരാഷ്ട്ര തലത്തിൽ നിരോധിക്കപ്പെട്ട കീടനാശിനികളുടെ ഇറക്കുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തുകയും നിലവിലുള്ള നിയമം കർശനമാക്കുകയും ചെയ്യണം. ഭക്ഷ്യസാധനങ്ങളിലെ മായംചേർക്കലും രാസവളപ്രയോഗവും പരിശോധിക്കുന്നതിനാവശ്യമായ ലാബ് സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും നിയമം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. മണ്ണിനെയും മനുഷ്യ സമൂഹത്തെയും വിഷലിപ്തമാക്കുന്ന മാരകവിപത്തായി ഈ വിഷയത്തെ ഉൾക്കൊണ്ടുകൊണ്ട് പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ജൈവ കീടനാശിനികളുടെയും വളങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നാളികേര വികസന ബോർഡ് മുഖേന നൽകുന്ന രാസവളം പഠനവിധേയമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: കേരളത്തിന്റെ ജൈവകൃഷി സമ്പ്രദായത്തിലേയ്ക്കുള്ള മാറ്റത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഓർഗാനിക് അതോറിറ്റി രൂപവത്കരിക്കുന്നതിനും സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന ജൈവ പഴം-പച്ചക്കറികളിലും ചക്ക ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങളിലും കണ്ടെത്തിയിട്ടുള്ള കീടനാശിനി പ്രയോഗം തടയുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. ഭക്ഷ്യവസ്തുക്കളിലെ കീടനാശിനി പരിശോധനാ ലാബുകളുടെ അപര്യാപ്തത പരിഹരിക്കണം. മണ്ണിന്റെ രാസ-ഭൗതിക മാറ്റം, വളത്തിന്റെ ആവശ്യം, വിള പരിക്രമ വ്യവസ്ഥ, നാഗരികതയുടെ കടന്നുവരവ് മണ്ണിലും കൃഷിയിലും വരുത്തുന്ന മാറ്റങ്ങൾ എന്നിവ പരിശോധിക്കാൻ ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും ആസൂത്രണത്തിൽ അധിഷ്ഠിതമായ ജൈവ കൃഷി നയം ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ദാസൻ</u>: ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴം-

പച്ചക്കറികളുടെ ചെക്ക്പോസ്റ്റുകളിലെ പരിശോധന കർശനമാക്കുന്നതിനും ഭക്ഷ്യസാധനങ്ങളിലെ മായംചേർക്കൽ സംബന്ധിച്ച് ജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കണം. സൂപ്പർ-ഹൈപ്പർ മാർക്കറ്റുകളിൽ നിന്നും ശേഖരിച്ച പലവ്യഞ്ജനങ്ങളിലും മസാലപ്പൊടികളിലും മാരകമായ വിഷാംശം കലർന്നിട്ടുണ്ടെന്ന കാർഷിക സർവ്വകലാശാലയുടെ കണ്ടെത്തൽ സർക്കാർ ഗൗരവത്തോടെ കാണണം. തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന അരിയുടെയും ഭക്ഷ്യോല്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

ശ്രീ. സി. മമ്മൂട്ടി: ഭക്ഷ്യവസ്തുക്കളിൽ ആരോഗ്യത്തിന് ഹാനികരമായ വിഷാംശങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി കൂടുതൽ പരിശോധന നടത്തുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു: നിയന്ത്രണാതീതമായ രീതിയിൽ മാരകവിഷം ചേർന്ന പച്ചക്കറികൾ തമിഴ്നാട്ടിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത് നിയന്ത്രിക്കാൻ കൃഷി വകുപ്പിൽ ശക്തമായ രീതിയിലുള്ള ബോധവൽക്കരണം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം.

ഡോ. എൻ. ജയരാജ്: ശക്തമായ നിയമനിർമ്മാണം കൊണ്ടുവന്ന്

നടപ്പാക്കിയാൽ മാത്രമേ ഇത്തരം പ്രശ്നങ്ങളിൽ പൂർണ്ണമായ പ്രയോജനമുണ്ടാകുകയുള്ളൂ.

ശ്രീ. ബെന്നി ബെഹനാൻ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1. " നിയമം നടപ്പാക്കുന്നതിലുള്ള പരാജയവും" എന്നീ വാക്കുകൾ ഒഴിവാക്കുകയും " അജ്ഞതയും" എന്ന വാക്കിനു പകരം " അജ്ഞത" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കൃഷി, ആരോഗ്യം, പഞ്ചായത്ത് എന്നീ വകുപ്പുകൾ ശക്തമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇതരസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറികൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. നിരോധിക്കപ്പെട്ട കീടനാശിനികൾ കൃഷി വകുപ്പ് മുഖാന്തിരം പിടിച്ചെടുക്കുന്നുണ്ട്. കൃഷി വകുപ്പിന്റേയും ആരോഗ്യ വകുപ്പിന്റേയും നേതൃത്വത്തിൽ കൂടുതൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ഫലപ്രദമായ രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതും

കീടനാശിനികൾ തളിക്കുന്നതിനുമെതിരെ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാഹനങ്ങളിലും മറ്റും കൊണ്ടുവരുന്ന പച്ചക്കറികൾ എവിടെ നിന്നാണെന്നും അവ എത്തിക്കുന്നത് എവിടെയാണെന്നുമുള്ള വിവരം അറിയുന്നതിനായി എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും ഹോട്ടലുകൾക്കും രജിസ്ട്രേഷനും ലൈസൻസും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. ചെക്ക്പോസ്റ്റുകളിൽ ഇതിനായുള്ള വിവരങ്ങൾ കൊടുത്തുകഴിഞ്ഞു. കീടനാശിനികളുടെ അമിതപ്രയോഗം കണ്ടെത്തുന്നതിനുള്ള ലാബുകൾ എറണാകുളത്തും തിരുവനന്തപുരത്തും സ്ഥാപിച്ചു. അടുത്ത ഘട്ടത്തിൽ കോഴിക്കോട് ഒരു ലാബ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ കുറവ് ഡിസംബർ മാസത്തോടുകൂടി പരിഹരിക്കുന്നതാണ്. ഭക്ഷ്യവകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലുമായി മൂവായിരത്തോളം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രത്യേക പ്രമേയം കൊണ്ടുവരേണ്ട ആവശ്യമില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച പ്രമേയം സഭ നിരാകരിച്ചു.

## (2) സമൂഹ മാധ്യമങ്ങളുടെ ദുരുപയോഗം

ശ്രീ. വി. പി. സജീന്ദ്രൻ: " സമൂഹമാധ്യമങ്ങൾ ഇപ്പോൾ നിത്യജീവിതത്തിന്റെ ഭാഗമാണ്. ഫെയ്സ്ബുക്ക്, ട്വിറ്റർ, വാട്സ് ആപ്പ് തുടങ്ങി നിരവധി സമൂഹമാധ്യമങ്ങളും മൊബൈൽ ആപ്ലിക്കേഷനുകളും നിലവിലുണ്ട്. എന്നാൽ ഇവയുടെ ദുരുപയോഗം കൂടിവരികയാണ്. സൈബർ കുറ്റകൃത്യങ്ങളും ഇന്റർനെറ്റിലൂടെ വിവിധ രൂപത്തിലുള്ള സാമ്പത്തിക തട്ടിപ്പുകളും, ഫെയ്സ്ബുക്ക്, വാട്സ് ആപ്പ് മുതലായ സമൂഹമാധ്യമങ്ങളിലൂടെ വ്യക്തിപരവും മതപരവും രാജ്യദ്രോഹപരവുമായ കുറ്റകൃത്യങ്ങളും ഇപ്പോൾ വ്യാപകമാണ്. ഫെയ്സ്ബുക്കിലെ വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിരവധി കേസുകളാണ് രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൽ ചില കേസുകൾ അതീവ ഗുരുതരമാണ്. സമൂഹ മാധ്യമങ്ങളിലൂടെ വ്യക്തികളെ അപകീർത്തിപ്പെടുത്തുകയും സമൂഹത്തിന് മുന്നിൽ അപഹാസ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരം മാധ്യമങ്ങളിലൂടെ ചതിക്കപ്പെടുന്ന വീട്ടമ്മമാരുടെയും വിദ്യാർത്ഥിനികളുടെയും എണ്ണം കൂടിവരികയാണ്. സൈബർ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണ്. ആയതിനാൽ സമൂഹമാധ്യമങ്ങളുടെ ദുരുപയോഗം ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുവാനും അപകീർത്തികരവും രാജ്യദ്രോഹപരവും ആയ

പ്രസ്താവനകളും പോസ്റ്റുകളും ഉപയോഗിക്കുന്നവരെയും പ്രചരിപ്പിക്കുന്നവരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും ഉതകുംവിധം ശക്തമായ ഒരു പുതിയ സൈബർ നയം ഉണ്ടാകണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

സൈബർ മാധ്യമങ്ങൾ ഇന്റർനെറ്റിലൂടെ നടത്തുന്ന സാമ്പത്തിക തട്ടിപ്പുകളും ഫെയ്സ്ബുക്ക്, വാട്സ് ആപ്പ് തുടങ്ങിയവ സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തുന്ന കുറ്റകൃത്യങ്ങളും വ്യാപകമായിരിക്കുകയാണ്. നവമാധ്യമങ്ങൾ ദുരുപയോഗം ചെയ്യുന്നവരെ നിയന്ത്രിക്കുവാനും നിയമത്തിനുമുന്നിൽ കൊണ്ടുവരാനുമുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ ഗുരുതരമായ ഭവിഷ്യത്തുണ്ടാകും. ആനിമേഷനും വെട്ടിമാറ്റലും കൂട്ടിച്ചേർക്കലും കൃത്രിമമായി സൃഷ്ടിക്കുന്നതുവഴി ആരെയും അപകീർത്തിപ്പെടുത്താവുന്ന അവസ്ഥയാണ് സംജാതമായിട്ടുള്ളത്. സത്യസന്ധവും വസ്തുനിഷ്ഠവുമായ വാർത്തകൾ അതിവേഗത്തിൽ വായനക്കാരിൽ എത്തിക്കുവാൻ ഓൺലൈൻ മാധ്യമങ്ങൾ അത്യന്താപേക്ഷിതമാണ്. പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

4. ആദ്യഖണ്ഡികയിലെ അവസാന ഭാഗത്ത്, " അപര്യാപ്തമാണ്" എന്ന വാക്കിനുശേഷം "എന്നാൽ അതിരൂക്ഷമായ വിലക്കയറ്റം, ഭക്ഷ്യസുരക്ഷ ഇല്ലായ്മ,

കാർഷിക മത്സ്യമേഖലകളിലെ പ്രതിസന്ധി, ദേശീയ തൊഴിലുറപ്പ് പദ്ധതി നേരിടുന്ന തകർച്ചാഭീഷണി, സർവ്വവ്യാപിയായ അഴിമതി, വിദ്യാഭ്യാസ കച്ചവടം, മന്ത്രിമാരുടെ അധികാര ദുർവിനിയോഗം തുടങ്ങിയ കാര്യങ്ങളിൽ ജനങ്ങളുടെ പ്രതികരണങ്ങൾ ഉയർത്തുന്നതിലും, ഭരണാധികാരികളുടെ കണ്ണു തുറപ്പിക്കുന്നതിലും സാമൂഹ്യ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് ഒട്ടും കുറച്ചു കണ്ടുകൂടാത്തതുമാണ്." എന്നത് ചേർക്കുക.

<u>ശ്രീ. ഹൈബി ഈഡൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. സാമൂഹ്യ രംഗത്ത് സോഷ്യൽ മീഡിയ ഉണ്ടാക്കുന്ന ഇംപാക്റ്റ് സുപ്രീംകോടതിയുടെ പ്രസക്തമായ ഒരു വിധിയുടെ ഭാഗമായി സമൂഹത്തിനുമുന്നിലോ നിയമത്തിനുമുന്നിലോ കൊണ്ടുവരാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. സൈബർ പോലീസ് സ്റ്റേഷനുകൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പല സ്ഥലങ്ങളിലും അവ ആരംഭിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. തിരുവനന്തപുരം ഇൻഫോപാർക്ക് കേന്ദ്രീകരിച്ച് ഒരു സൈബർ ഡോമും എറണാകുളം ഇൻഫോ പാർക്കിൽ ഒരു സൈബർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനവും നടന്നുവരുന്നു. ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ആവശ്യമായ പരിശീലനം കൊടുക്കണം. കക്ഷി രാഷ്ട്രീയവ്യത്യാസമില്ലാതെ ഇത്തരത്തിലുള്ള സാമൂഹിക വിപത്ത് തടയുന്നതിന് ഒന്നിച്ചു നിൽക്കണം.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

*****